# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 124 08.02.2016-ൽ മറുപടിയ്ക്ക്**

**ബഡ്ജറ്റ്**

**ചോദ്യം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ. എം.ഹംസ
ശ്രീ.ബി.ഡി.ദേവസ്സി
ശ്രീ. പുരുഷൻ കടലുണ്ടി

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
ബഹു:മുഖ്യമന്ത്രി

| | | |
|---|---|---|
| (എ) | മുൻ വർഷങ്ങളിൽ പ്രഖ്യാപിച്ച് നടപ്പാക്കിയിട്ടില്ലാത്ത പദ്ധതികളുടെ തുടർ നിർവ്വഹണത്തിന് മതിയായ ബഡ്ജറ്റ് വിഹിതം 2015-16 വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നോ; | ഭരണാനുമതി നേടിയ പദ്ധതികൾക്ക് ഭരണവകുപ്പ് നിർദ്ദേശങ്ങൾ പരിഗണിച്ച് 2015-16 വർഷം വിഹിതം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | മുൻ വർഷങ്ങളിൽ പ്രഖ്യാപിച്ച ഏതെല്ലാം പദ്ധതികളാണ് 2015-16 വർഷത്തെ ബജറ്റിൽ തുടർ പദ്ധതി നിർവ്വഹണത്തിന് പണം വകയിരുത്താൻ കഴിയാതെ പോയിട്ടുള്ളതെന്ന് വിശദമാക്കാമോ; തുക വകയിരുത്തിയിട്ടും നടപ്പിലാക്കിയിട്ടില്ലാത്ത ഈ സർക്കാരിന്റെ പ്രഖ്യാപിത പദ്ധതികൾ ഏതൊക്കെ; വിശദമാക്കാമോ; | ബജറ്റിൽ തുക വകയിരുത്തിയിട്ടും നടപ്പിലാക്കാൻ കഴിയാതെപോയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ക്രോഡീകരിച്ച് ബഡ്ജറ്റ് വിഭാഗത്തിൽ ഇപ്പോൾ സൂക്ഷിച്ചിട്ടില്ല. മുൻ വർഷങ്ങളിൽ പ്രഖ്യാപിച്ച പദ്ധതികൾക്ക് അനുമതി ഉത്തരവുകൾ ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പദ്ധതി വിഹിതം 2015-16 വർഷം അനുവദിച്ചുവരുന്നു. |
| (സി) | ഈ സർക്കാർ പ്രഖ്യാപിച്ച എത്ര പദ്ധതികൾ തുടർന്നുള്ള ബഡ്ജറ്റുകളിൽ മതിയായ ബജറ്റ് വിഹിതം ഇല്ലാത്തതിന്റെ പേരിൽ നടപ്പിലാക്കുവാൻ സാധിക്കാതെ പോയിട്ടുണ്ട്; അവ ഏതൊക്കെ; വിശദമാക്കാമോ; | മതിയായ ബജറ്റ് വിഹിതം ഇല്ലാത്തതിന്റെ പേരിൽ പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കാതെ പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രഖ്യാപിച്ച പദ്ധതികൾ വിവിധ ഭരണ വകുപ്പുകൾ മുഖേനയാണ് നിർവ്വ |

| | | |
|---|---|---|
| | | ഹിക്കപ്പെടുന്നത്. ഈ വകുപ്പുകളിൽ നിന്നും ലഭിച്ചിട്ടുള്ള ശുപാർശ പ്രകാരം പ്രഖ്യാപിച്ച മിക്ക പദ്ധതികൾക്കും ഭരണാനുമതി നൽകുകയും പൂർത്തീകരിക്കുകയും ചിലത് നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ആവശ്യമായ ഭരണാനുമതിയും വിശദാംശങ്ങളും സഹിതം ഭരണ വകുപ്പ് ശുപാർശ സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് ബജറ്റ് വിഹിതം അനുവദിച്ചിട്ടുണ്ട്. |
| (ഡി) | 2016-17 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ ഈ സർക്കാർ ഇതിനകം പ്രഖ്യാപിച്ച എല്ലാ പദ്ധതികളും നടപ്പിലാക്കാൻ സാദ്ധ്യമാകും വിധം മതിയായ ബഡ്ജറ്റ് വിഹിതം വകയിരുത്തിക്കൊണ്ടുള്ളതായിരുക്കുമോ; വിശദമാക്കാമോ? | പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പദ്ധതികൾക്കും പുതുതായി ആവിഷ്ക്കരിക്കുന്ന പദ്ധതികൾക്കും വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിലാണ് വിഹിതം വകയിരുത്തുന്നത്. 2016-17 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് ഫെബ്രുവരി 12-ാം തീയതി നിയമസഭയിൽ സമർപ്പിക്കുന്നതാണ്. |

Rejani

അക്കൗണ്ട്സ് ഓഫീസർ